## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3759 15.05.2017-ൽ മറുപടിക്ക്

**<u>പെരുമ്പഴുതൂർ, കുളത്തൂർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കൂടുതൽ അധ്യാപകരെ നിയമിക്കൽ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ആൻസലൻ | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) മികവിന്റെ കേന്ദ്രമാക്കുന്ന നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പെരുമ്പഴുതൂർ, കുളത്തൂർ എന്നീ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കൂടുതൽ അധ്യാപകരെ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഈ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക പ്രത്യേക പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കമോ; | (എ) & (ബി) വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കി സ്റ്റാഫ് ഫിക്സേഷൻ നടത്തിയതിനുശേഷമാണ് ആവശ്യമെങ്കിൽ മാത്രമാണ് കൂടുതൽ അധ്യാപകരെ നിയമിക്കുന്നത്. എല്ലാ അധ്യാപകർക്കും പൊതുവായിട്ടാണ് വിദ്യാഭ്യാസ വകുപ്പ് പരിശീലനം നൽകിവരുന്നത്. പ്രത്യേക സ്കൂളുകൾക്ക് മാത്രമായി പരിശീലന പരിപാടികൾ സംഘടിപ്പിക്കാറില്ല. കുളത്തൂർ ഹയർ സെക്കന്ററി സ്കൂളിലെ വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ നിലവിലുള്ള 2 ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിലെ അധ്യാപകർക്ക് കണ്ടന്റ് ബേസിഡ് പരിശീലനം, നോൺ വൊക്കേഷണൽ അധ്യാപക പരിശീലനം എന്നിവ നൽകി വരുന്നുണ്ട്. |
| (ബി) അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന നെയ്യാറ്റിൻകര ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ പുതിയ അധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | |
| (സി) ടി സ്കൂളിൽ ക്ലീനിംഗ് നടത്തുന്നതിന് പുതിയ ജീവനക്കാരെ നിയമിക്കാൻ കഴിയുമോ? | (സി) 2015-16-ലെ തസ്തിക നിർണ്ണയപ്രകാരം ക്ലീനിംഗ് ജോലികൾ ചെയ്യുന്നതിന് പ്രസ്തുത സ്കൂളുകളിൽ എഫ്.ടി.എം. തസ്തികകൾ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.